LIBRARY ARCHIVES Kerala Legislative Assembly

ദുരന്തലഘൂകരണം ലക്ഷ്യം വച്ച് ആസൂത്രണ രേഖ തയ്യാറാക്കൽ

291(2647) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ദുരന്തലഘൂകരണം ലക്ഷ്യംവച്ച് ആസൂത്രണ രേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ആശുപത്രികളാണ് കരട് രേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ദുരന്ത നിവാരണം ലക്ഷ്യംവച്ച് ആസൂത്രണരേഖ തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട്.

(ബി) ആസൂത്രണരേഖ തയ്യാറാക്കിവരുന്ന തിരുവനന്തപുരം ജില്ലയിലെ ആശുപത്രികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിലവിൽ ജില്ലയിലെ താഴെപ്പറയുന്ന 5 ആശുപത്രികളിൽ ആസൂത്രണരേഖ തയ്യാറാക്കി വരുന്നു.

1. ജനറൽ ആശുപത്രി, തിരുവനന്തപുരം.
2. മാനസികാരോഗ്യകേന്ദ്രം, തിരുവനന്തപുരം .
3. താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല.
4. താലൂക്കാശുപത്രി, വിതുര.
5. കുടുംബാരോഗ്യകേന്ദ്രം, ഉഴമലയ്ക്കൽ.

അരുർ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

292(2648) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലുൾപ്പെടുത്തി അരുർ മണ്ഡലത്തിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കുന്നില്ല. ആയതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ നിലവിൽ ലഭ്യമല്ല. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

മൊടവണ്ണക്കടവ് നടപ്പാലം നിർമ്മാണം

293(2649) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ മൊടവണ്ണക്കടവ് നടപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) 19-11-2015-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 6032/15/ആർ.ഡി. ഉത്തരവ് പ്രകാരം ഭരണാനുമതിക്കായി സമർപ്പിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ജില്ലാ വിദഗ്ധസമിതി അംഗീകരിക്കാതിരുന്നതിനാൽ തുക നൽകുന്നതിന് സാധിച്ചിരുന്നില്ല. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-8-2017-ൽ ചേർന്ന യോഗത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് പാലം പണി നടത്താനുള്ള ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെയും പണി തുടങ്ങാത്ത 4 കേസ്സുകളിൽ പണി ആരംഭിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതാണ്.

(സി) ഇതോടൊപ്പം അനുവദിച്ചതും റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് ഭരണാനുമതി ആയതുമായ ഏതെല്ലാം പ്രവൃത്തികൾക്ക് നിർമ്മാണാനുമതി നൽകിയെന്നും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് മറ്റ് പാലം നിർമ്മാണങ്ങളൊന്നുംതന്നെ ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) മൊടവണ്ണക്കടവ് നടപ്പാലം നിർമ്മാണത്തിന് അടിയന്തരമായി അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly